# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 04.04.2018-ൽ മറുപടിക്ക്

ചോദ്യം നം. 6808

## മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി നൂതന പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>,, കെ. ആൻസലൻ<br>,, കെ.കുഞ്ഞിരാമൻ<br>,, ആർ. രാജേഷ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ഓഖി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് 2000 കോടി രൂപയുടെ പ്രത്യേക പാക്കേജ്.<br>2. എല്ലാ മത്സ്യബന്ധന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള സാറ്റലൈറ്റ് വിവര വിനിമയ സംവിധാനം.<br>3. തീരദേശ ഗ്രാമങ്ങളിൽ ഓരോ പൊതു കേന്ദ്രത്തിലും സൗജന്യ വൈ-ഫൈ സംവിധാനം.<br>4. കടലാക്രമണ ഭീഷണിയിൽ കടൽ തീരത്തിന്റെ 50 മീറ്റർ പരിധിയിൽ വസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി പാർപ്പിക്കൽ.<br>5. മത്സ്യമാർക്കറ്റുകളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും വികസനം.<br>6. മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ മത്സ്യം കേടുവരാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് ശൃംഖല.<br>7. കക്ക സഹകരണ സംഘങ്ങളിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളും ആധുനിക ചൂളയും നിർമ്മിക്കാൻ പ്രത്യേക പദ്ധതി. |
| (ബി) | സമുദ്ര മത്സ്യബന്ധന മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സാമ്പത്തിക വളർച്ചയും ഭക്ഷ്യസുരക്ഷയും പോഷകാഹാരത്തിനും വേണ്ടി മത്സ്യബന്ധന മേഖലയിൽ സുസ്ഥിരമായ വളർച്ച ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വില്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്നതിന് കഴിയുന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അശാസ്ത്രീയ മത്സ്യബന്ധനം പൂർണ്ണമായും തടയുന്നതിനും കടൽ മത്സ്യവിഭവ സംരക്ഷണം ഉറപ്പാക്കുന്നതിനും ഉതകുന്ന വിധം കെ.എം.എഫ്.ആർ ആക്ട് ഭേദഗതി ചെയ്തു. മത്സ്യമേഖലാ വിഭവ മാനേജ്മെന്റിൽ മത്സ്യത്തൊഴിലാളികളെക്കൂടി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി. ഇതിനായി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിഭവ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കും. മത്സ്യവിഭവ പരിപോഷണത്തിനായി സീറാഞ്ചിംഗ്, കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. കേടുവരാതെ മത്സ്യം സൂക്ഷിക്കുന്നതിനും ഉപഭോക്താക്കളിലെത്തിക്കുന്നതിനും ആധുനിക സംവിധാനങ്ങളോടെയുള്ള മാർക്കറ്റുകൾ നിർമ്മിക്കുന്നതിനും കോൾഡ് ചെയിനും ഏർപ്പെടുത്താൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലെ ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ശുചിത്വം ഉറപ്പുവരുത്തി വൃത്തിയുള്ള പോഷക സമൃദ്ധമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമുള്ള നിയമ നിർമ്മാണവും പരിഗണനയിലാണ്. |
| (സി) | ഉൾനാടൻ ജലസ്രോതസ്സുകളിലെ അക്വാകൾച്ചറിന്റെ വളർച്ച, വിളവെടുത്ത മത്സ്യത്തിന്റെ പൂർണ്ണമായ വിനിയോഗം, മൂല്യവർദ്ധനവ് എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (സി) | ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയുടെ ഭാഗമായി തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലായി വിവിധ തരം കാർപ്പ് മത്സ്യങ്ങളുടെ കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ചെമ്മീൻകൃഷി, വിവിധതരം കൂടുകൃഷികൾ, ജലപുനഃചംക്രമണ മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21-ഓളം ഉപഘടക പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ശാസ്ത്രീയ സമ്മിശ്ര കാർപ്പ് മത്സ്യകൃഷി.<br>2) കുളങ്ങളിലെ ആസാംവാള കൃഷി.<br>3) കുളങ്ങളിലെ ഗിഫ്റ്റ് കൃഷി.<br>4) റിസർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനത്തിലെ ഗിഫ്റ്റ് കൃഷി<br>5) ഒരു നെല്ലും ഒരു മീനും പദ്ധതി<br>6) ജലസംഭരണികളിലെ മത്സ്യകൃഷി<br>7) കാരചെമ്മീൻ കൃഷി<br>8) നാരൻ ചെമ്മീൻ കൃഷി<br>9) വനാമി ചെമ്മീൻ കൃഷി<br>10) ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി.<br>11) ഓരുജല കൂട് മത്സ്യകൃഷി<br>12) ഞണ്ട് കൃഷി / ഞണ്ട് കൊഴുപ്പിക്കൽ<br>13) കല്ലുമ്മേക്കായ് കൃഷി<br>14) പടുതാ കുളങ്ങളിലെ കരിമീൻ കൃഷി |

| | | | |
|---|---|---|---|
| | | | 15) പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി<br>16) സംയോജിത മത്സ്യ-താറാവ്/കോഴി കൃഷി<br>17) കൂടുകളിലെ അലങ്കാര മത്സ്യകൃഷി<br>18) പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി യൂണിറ്റുകളുടെ പുനഃസ്ഥാപന പദ്ധതി<br>19) പുതിയ പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ<br>20) മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ.<br>21) "ലൈവ് ഫിഷ്" മാർക്കറ്റുകൾ<br>ഇതിനു പുറമെ 2017-20 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് "കൈപ്പാട്/പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി" നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടു ണ്ട് |
| (ഡി) | ഭാവി ഉദ്യമങ്ങളിൽ മത്സ്യവിഭവ സംരക്ഷണത്തിനും ഹാനികരമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിനും കൂടുതൽ പ്രാധാന്യം നൽകുമോ; | (ഡി) | ഭാവി ഉദ്യമങ്ങളിൽ മത്സ്യവിഭവ സംരക്ഷണത്തിനും ഹാനികരമായ മത്സ്യബന്ധനരീതികൾ ഇല്ലാതാക്കുന്നതിനും ഇതിനകം തന്നെ പ്രാധാന്യം നൽകിയിട്ടുണ്ട് |
| (ഇ) | പ്രസ്തുത പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തവും സംഭാവനയും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും, വിഭവ പരിപാലനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ (FMCs) പ്രവർത്തിച്ചു വരുന്നു. കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കുന്ന റാഞ്ചിംഗ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനകളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ